**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 355** **28.11.2018 -ൽ മറുപടിക്ക്.**

**ലൈഫ് പദ്ധതി അപേക്ഷകർക്ക് പുതിയ റേഷൻ കാർഡ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) ലൈഫ് പദ്ധതി പ്രകാരം പുതിയ വീട് ലഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ള വാടക വീട്ടിൽ താമസിക്കുന്നവർക്ക് പുതിയ റേഷൻ കാർഡ് അനുവദിക്കുന്നതിന് കാലതാമസം അനുഭവപ്പെടുന്നതിനാൽ അപേക്ഷ സമർപ്പിക്കാൻ സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 23.05.2018ലെ ഡിബി1/374/18/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം റേഷൻകാർഡ് ഇല്ല എന്നതിന്റെ പേരിൽ അർഹതയുള്ള ഒരു കുടുംബത്തെയും ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് ഒഴിവാക്കരുത് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>വാടക വീട്ടിൽ താമസിക്കുന്നവർക്കും റേഷൻ കാർഡ് നൽകുന്നതിന് നിലവിൽ തടസ്സമില്ല. വാടക വീടുകളിൽ താമസിക്കുന്ന ധാരാളം കാർഡുടമകൾ നിലവിലുണ്ട്. |
| (ബി) ഇത്തരം അപേക്ഷകർക്ക് റേഷൻ കാർഡ് ലഭിക്കുന്നതിന് മുൻഗണന നൽകുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ? | |

*സെക്ഷൻ ഓഫീസർ*